## 2009 ഡിസംബർ 20

# യൽദായ്ക്കു മുമ്പുള്ള ഞായർ

## ലൂക്കാ 2:1–5

**ഫാ. വർഗീസ് സാമുവൽ**

ബേത്‌ലഹേം കുളിരുകോരുന്ന പ്രതീക്ഷകളുടെ നഗരമാണ്. കാലത്തെ രണ്ടായി വിഭജിച്ച യേശുക്രിസ്തുവിന്റെ ജന്മസ്ഥലമാകുന്നതിന് കാരണമാകുന്ന യാത്രയാണ് വിശുദ്ധ യൗസേപ്പുപിതാവും വിശുദ്ധ കന്യകാമാതാവും ബേത്‌ലഹേമിലേയ്ക്ക് നടത്തുന്നത്. ബേത്‌ലഹേം എന്ന പദത്തിന്റെ അർത്ഥം അപ്പത്തിന്റെ ഭവനമെന്നാണ്. ലോകത്തിനുവേണ്ടി മുറിഞ്ഞവൻ അപ്പത്തിന്റെ ഭവനത്തിൽ പിറന്നു. ത്യാഗം നിറഞ്ഞ യാത്ര തിരുക്കുടുംബത്തിലെ പിതാവും മാതാവും നടത്തുമ്പോൾ അതിന്റെ തുടർച്ചയായി ത്യാഗം നിറഞ്ഞ കാൽവരി തേടിയുള്ള യാത്ര യേശുക്രിസ്തു നടത്തുന്നു.

സത്രങ്ങളുടെ വാതിലുകളിൽ മരം കോച്ചുന്ന തണുപ്പിൽ വിറച്ചുകൊണ്ട് മുട്ടിവിളിക്കുന്ന ദൈവപുത്രന്റെ മാതാപിതാക്കൾ. പങ്കുവയ്ക്കാൻ തയ്യാറാകാത്ത സംസ്ക്കാരങ്ങളുടെ വാതിലുകളിൽ ഇന്നും ആ മുട്ടൽ തുടരുന്നു. സത്രങ്ങളുടെ ഉള്ളിൽ തീ കാഞ്ഞിരുന്നവർ പെന്തക്കോസ്താ തിരുന്നാളിൽ ശ്ലീഹന്മാരിൽ അഗ്നി വർഷിക്കാനിരിക്കുന്ന ദൈവപുത്രനെ അറിഞ്ഞില്ല. അവർ പറഞ്ഞു 'ഇതു ഞങ്ങളുടെ തീ, ഇതു ഞങ്ങളുടെ ചൂട്'. സത്രങ്ങളിൽ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നവർ, അഞ്ചപ്പംകൊണ്ട് അയ്യായിരങ്ങളെ തൃപ്തനാക്കുന്ന ദൈവപുത്രനെ അറിഞ്ഞില്ല. ലോകത്തിനു മുഴുവനുംവേണ്ടി മുറിക്കപ്പെടാനുള്ള അപ്പത്തെ അറിഞ്ഞില്ല. അവർ പറഞ്ഞു 'ഇതു ഞങ്ങളുടെ ഭക്ഷണം, ഇതു ഞങ്ങൾക്കു വിശപ്പടക്കാൻ'. കമ്പിളിവസ്ത്രങ്ങളിലേക്ക് ഒതുങ്ങിഇറങ്ങാൻ തുടങ്ങിയവർ അസഹ്യതയോടെ പറഞ്ഞു "ഇതു ഞങ്ങൾക്കുള്ള നിദ്ര'. കല്ലറയെ നിത്യ നിദ്രയിലാക്കി നിത്യം ഉണർന്നിരിക്കുന്ന ദൈവപുത്രനെ അവർ അറിഞ്ഞില്ല.

ചെറിയ സൗകര്യങ്ങൾക്കുവേണ്ടി ദൈവപുത്രനെ തള്ളിക്കളയുവാൻ മനുഷ്യർ തയ്യാറാകുമ്പോൾ തങ്ങൾക്കുള്ളവ പങ്കുവയ്ക്കാൻ മൃഗങ്ങൾ തയ്യാറാകുന്നു. മനുഷ്യരുടെ സൗകര്യങ്ങൾക്കുവേണ്ടി കാലിത്തൊഴുത്തിന്റെ അസൗകര്യങ്ങൾ സ്വന്തമാക്കുന്ന ദൈവപുത്രൻ. ആയിരമായിരം പുൽക്കുടുകൾ ക്രിസ്തുമസ് രാത്രിയിൽ മനോഹാരിത തീർക്കുമെങ്കിൽ ദൈവം പിറക്കുന്നിടം കാലിത്തൊഴുത്തായാലും ബഹുമാനിതമാകും. നമ്മുടെ ഇല്ലായ്മകളുടെ ലോകത്ത് ദൈവം പിറക്കുമ്പോൾ ഇല്ലായ്മയ്ക്കും സമ്പന്നതയുടെ ഭാവം നിറയും. ലോകം നൽകുന്ന സമാധാനം അവൻ നൽകില്ല. അവൻ നൽകുന്ന സമാധാനം നഷ്ടമാകാത്ത സമാധാനമാണ്. ലോകം നൽകുന്ന സമാധാനം തെളിയുവാനും മായുവാനും നിമിഷങ്ങൾ മതി.

പരിശുദ്ധ കന്യകാമാതാവിന്റെ ശ്രദ്ധേയമായ മാതൃക ഇവിടെ നമ്മൾ കാണുന്നു. ഉണ്ണിയേശുവിനെ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ മാതാവ് കിടത്തി. കിട്ടാത്ത കാര്യങ്ങൾക്കായുള്ള പരാതികളില്ല, നിരാശയില്ല, പ്രത്യാശയുടെ പുൽത്തൊട്ടിയിൽ ദൈവപുത്രനെ മാതാവ് കിടത്തുന്നു. കിട്ടിയ പുൽത്തൊട്ടിയുടെ ശയ്യ കുഞ്ഞിനായി വിരിക്കുന്ന അമ്മ, ആകാശവും ഭൂമിയും സൃഷ്ടിച്ച് തമ്പുരാന് തന്റേതായ കാഴ്ചയർപ്പണമേകുകയാണ്. വള്ളത്തിന്റെ അമരത്തും, കാൽവരിക്കുരിശിലും തലചായ്ക്കേണ്ടുന്ന തമ്പുരാന് ജീവിതത്തിൽ ആദ്യത്തെ മൃദുവായ തല്പം ഒരുക്കിയ അമ്മ, നമ്മുടെ കുരിശുമരങ്ങൾക്കും നമ്മുടെ വള്ളങ്ങൾക്കുമുപരിയായി നമ്മൾക്കുള്ളവയെ മനസ്സിലാക്കുവാൻ ആദ്യം പഠിക്കുക എന്ന വലിയ പാഠം പഠിപ്പിക്കുന്ന അമ്മയാണ് പരിശുദ്ധ കന്യ

കാമാതാവ്. അസംതൃപ്തിയുടെ സംസ്കാരങ്ങളിൽ സംതൃപ്തിയുടെ വലിയ പാഠമാണ് മാതാവ് നമുക്കേകുന്നത്.

എന്റെ ദൈവത്തിനു ഞാനെന്തു കൊടുത്താലും അതു സ്വീകാര്യമാണെന്നറിയുന്ന അമ്മ. ആ അമ്മയുടെ കരങ്ങളിൽ നമ്മുടെ ജീവിതമേല്പിച്ചാൽ ദൈവം അതു സ്വീകരിക്കും. സ്ഥലം ലഭിക്കാത്ത സത്രങ്ങൾ നമ്മുടെ ജീവിതത്തിൽ പലതുണ്ട്. നഷ്ടപ്പെട്ട സത്രങ്ങളെയോർത്ത് അലസരായി നിരാശാക്കൂടുകളാക്കി മാറുമ്പോൾ ഓർക്കുക. കാലിത്തൊഴുത്തിലും ലോകം ബഹുമാനിക്കുന്ന ഒരു പുൽത്തൊട്ടിയുണ്ട്. രക്ഷകന്റെ ശയ്യയാകുവാൻ കഴിഞ്ഞ ഭാഗ്യം പുൽത്തൊട്ടിക്കുള്ളതാണ്. ദൈവം കിടക്കുന്ന പുൽത്തൊട്ടികളാകണം നമ്മുടെ മനസ്സുകൾ. അടച്ചുപൂട്ടിയ മുറികളാവരുത് നമ്മുടെ മനസ്സുകൾ.

ക്രിസ്തുമസ്സ് പങ്കുവയ്ക്കലിന്റെ പെരുന്നാളാണ്. സ്നേഹം മണ്ണിനെ തേടിയ പെരുന്നാളാണ്. മാലാഖമാരും മനുഷ്യരും സമാധാനം ആശംസിക്കുന്ന പെരുന്നാളാണ്.

●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●%●